**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## സർക്കാർ കോളേജുകളിലെ ഒഴിവുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കും, രണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകളിലെ അധിക സീറ്റുകളിലേയ്ക്കുമുള്ള സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും തിരികെ ലഭിച്ച **11** സീറ്റുകളിലേയ്ക്കും, ഒഴിവുള്ള **3** നോമിനി സീറ്റുകളിലേയ്ക്കും, സ്റ്റേറ്റ് ക്വാട്ടയിൽ ഒഴിവുവന്ന **1** സീറ്റിലേയ്ക്കും സർക്കാർ ഡന്റൽ കോളേജുകളിൽ ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും തിരികെ ലഭിച്ച **24** സീറ്റുകളിലേയ്ക്കും, സ്റ്റേറ്റ് ക്വാട്ടയിൽ ഒഴിവുവന്ന **2** സീറ്റുകളിലേയ്ക്കും, തിരുവനന്തപുരം, വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജിന് അധികമായി അനുവദിച്ചുകിട്ടിയ **100** സീറ്റുകളിൽ സംസ്ഥാന സർക്കാറിന് അലോട്ട്മെന്റിനായി ലഭ്യമായ **50** എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും, തിരുവനന്തപുരം, വർക്കല, അകത്തുമുറി ശ്രീ ശങ്കരാ ഡന്റൽ കോളേജ് പുതുതായി സർക്കാർ ക്വാട്ടയിലേയ്ക്ക് വിട്ടുനൽകിയ **25** ബി.ഡി.എസ് സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനുള്ള സ്പോട്ട് അഡ്മിഷൻ **30.09.2016 (വെള്ളിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. പ്രവേശനം നടത്തുന്നതിനായി ബന്ധപ്പെട്ട കോളേജ് അധികാരികൾ സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കും.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സ് പ്രവേശനത്തിന് യോഗ്യത നേടിയതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷന് പങ്കെടുക്കാവുന്നതാണ്. നിലവിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയില്ല. സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഓരോ കോഴ്സിലും ലഭ്യമായ സീറ്റുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

തിരുവനന്തപുരം
29.09.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**